

നിയമ സംസ്കാര കേന്ദ്രത്തിന്റെ ജനനീതി

വാല്യം : 10 ◆ ലക്കം : 11 ◆ നവംബർ 2003 ◆ വരിസംഖ്യ – ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

# വാഗമണ്ണിലെ പാരിസ്ഥിതിക – ഭീകരത

ജനനീതി റിപ്പോർട്ട്

പ്രകൃതി വിഭവങ്ങൾ മനുഷ്യരാശിയുടെ സ്ഥാവരസ്വത്തുക്കളാണ്.
അവ ഒരു തലമുറയിൽ നശിച്ചു തീരാൻ ഉദ്ദേശിക്കപ്പെട്ടവയല്ല.

- റൂറൽ ലിറ്റിഗേഷൻ ആൻഡ് എൻടൈറ്റിൽമെന്റ് കേന്ദ്രം V/S ഉത്തർപ്രദേശ് ഗവൺമെന്റ് കേസിൽ സുപ്രീം കോടതിയുടെ വിധിയിൽ നിന്ന് (AIR 1987 SC 359)

## വാർത്തയിലെ വാഗമൺ

"**വി**ശ്വസിപ്പിക്കാനായില്ലെങ്കിൽ കുഴപ്പിക്കുക" എന്നതാണ് പുതിയ ഇന്ത്യൻ ഭരണ സംവിധാനത്തിന്റെ നയം. മനുഷ്യന്റെ പതനത്തിനും പ്രകൃതിയുടെ നാശത്തിനും ഛിദ്രശക്തികൾ ഉപയോഗിക്കുന്ന ഏറ്റവും ഫലപ്രദമായ ആയുധം കാര്യങ്ങളെ തെറ്റായി അവതരിപ്പിക്കുക എന്നതാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ (ജിം) അവസരത്തിൽ ഈ തന്ത്രം കേരളത്തിൽ വ്യാപകമായും ഫലപ്രദമായും ഉപയോഗിക്കുകയുണ്ടായി. ജിമ്മിൽ ഉയർന്നുവന്ന ഒരു ലക്ഷ്യം 'ദൈവത്തിന്റെ സ്വന്തം നാടി'ന്റെ 'സ്വപ്ന ഭൂമി'യായിരുന്നു – വാഗമൺ പ്രദേശം.

## വാഗമണ്ണിന്റെ പ്രാധാന്യം

തേയിലത്തോട്ടങ്ങളും കാടും പുൽമേടുകളും നിറഞ്ഞ പ്രദേശമാണ് വാഗമൺ. അതിന്റെ ഇന്നത്തെ അവസ്ഥ അങ്ങേയറ്റം ശോചനീയമാണ്. പ്രകൃതിദത്തമായ അരുവികളുടെ ഒഴുക്ക് തടഞ്ഞിരിക്കുന്നു. വലതും ഇടത്തരവുമായ വാഹനങ്ങളിൽ പച്ചപുതച്ച കുന്നുകളെ കീറിമുറിച്ചെത്തുന്ന ആളുകളുടെ പെട്ടെന്നുണ്ടായ ഒഴുക്ക് പ്രകൃതിയുടെ ശാന്തതയെ നശിപ്പിച്ചിരിക്കുന്നു, മണ്ണിനെ ഇളക്കി മറിച്ചിരിക്കുന്നു. പാറക്കെട്ടുകളെ ഇളക്കിയിരിക്കുന്നു.

യുനെസ്ക്കോ പറയുന്നത്, വികസനമെന്നത് ഏറ്റവും താണതലത്തിൽപ്പോലും രൂപപ്പെടുത്തേണ്ടത് പുരുഷന്റേയും/സ്ത്രീയുടേയും, അവന്റെ/അവളുടെ ഉദ്യമങ്ങളുടേയുള്ള മുന്നോട്ടുപോക്കായാണ്. വികസനം ലക്ഷ്യമാക്കേണ്ടത് ഒരു വ്യക്തിയെന്ന നിലയും സമൂഹാംഗമെന്ന നിലയിലും മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവും ആത്മീയവും ഭൗതികവുമായ പുരോഗതിയായിരിക്കണം.

വികസനത്തിന്റെ അടിസ്ഥാനാശയങ്ങളെ രാഷ്ട്രീയത്തിലെയും ഭരണകൂടത്തിലെയും വികലമനസ്സുകൾ വികലമയവതരിപ്പിക്കുന്നു. മൊത്തം സമൂഹത്തെ മയക്കുന്ന ടൂറിസത്തിന്റെ കെട്ടുകാഴ്ചകളെ ഏറ്റവും പുതിയ വിധാനങ്ങളോടെയും ഐന്ദ്രിയവിഭ്രമങ്ങളോടെയും സാക്ഷാത്കരിക്കുന്നു. വാഗമണ്ണിൽ സംഭവിക്കുന്നതിതാണ്.

## ഭൂവിന്യാസം

ഇടുക്കി ജില്ലയുടെ പടിഞ്ഞാറൻ പ്രാന്തങ്ങളിൽ, കോട്ടയം ജില്ലയോട് ചേർന്നാണ് വാഗമൺ സ്ഥിതിചെയ്യുന്നത്. പ്രാചീനവും നശിക്കാത്തതും സ്വാഭാവികവുമായ പ്രകൃതിവൈവിധ്യം ഉൾക്കൊള്ളുന്നതും സവിശേഷമായ മൃഗസസ്യ ജാലങ്ങളാൽ സമ്പന്നവുമായ, പശ്ചിമഘട്ടത്തിൽപ്പെടുന്ന ജനവാസം കുറഞ്ഞ ഒരുൾപ്രദേശമാണ് വാഗമൺ. അത് ജൈവവൈവിധ്യത്തിന്റെ ഒരു സവിശേഷ മേഖലയായി (Hot Spot) തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ലാറ്ററൈറ്റ് മണ്ണോടുകൂടിയ അന്യാദൃശ്യമായ പുൽമേടുകൾക്ക് പ്രസിദ്ധമായ ഈ പ്രദേശം 27.19 സ്ക്വയർ കിലോമീറ്ററിൽ വ്യാപിച്ചുകിടക്കുന്നു. അതിൽ 3147.012 ഹെക്ടർ കൃഷിസ്ഥലവും, 346.65 ഹെക്ടർ പുറമ്പോക്കു ഭൂമിയും 108.48 ഹെക്ടർ കൃഷിക്കു പയുക്തമായ വെളിമ്പ്രദേശവുമാണ്. സമുദ്രനിരപ്പിന് 1100 മീറ്റർ ഉയരെയാണ് വാഗമൺ സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തെ നഗരവികസനത്തോത് പൊതുവേ കുറവാണ്. പേരിന് രണ്ടു പട്ടണവും, രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളും 115 ഗ്രാമങ്ങളമാണ് ഈ പ്രവിശ്യയിൽ. ഭൂമധ്യരേഖ കാലാവസ്ഥയാണ് പൊതുവേ. വേനലിൽ 32°C ഉം തണുപ്പുകാലത്ത് 16°C ഉം. ശരാശരി 376 സെന്റിമീറ്റർ വച്ച് വർഷത്തിൽ 200 ദിവസത്തോളം മഴ. പ്രസിദ്ധമായ മീനച്ചിലാർ ഇവിടെയാണ് പിറവിയെടുക്കുന്നത്. അതിന്റെ ഒരു കൈവഴിയാണ് തീക്കോയ് പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ജലസ്രോതസ്സ്. താഴ്വാരങ്ങളിലേയും കോട്ടയം ജില്ലയിലെ താഴ്ന്നപ്രദേശങ്ങളിലേയും ജനങ്ങൾ ജലത്തിനായി ആശ്രയിക്കുന്നതും ഇതിനെത്തന്നെ. കേരളത്തിലെ തദ്ദേശീയരിൽ/ ആദിവാസികളിൽ രണ്ടുവിഭാഗക്കാരായ ഊരാളികളുടേയും ഉള്ളാടരുടേയും നിവാസകേന്ദ്രമാണ് വാഗമൺ. വാഗമണ്ണിന് ഏറ്റവും അടുത്തുള്ള പട്ടണം പീരുമേടാണ്. ഏകദേശം 25 കിലോ മീറ്റർ ദൂരെ. മൂന്നാറിൽ നിന്ന് ഏകദേശം 140 കിലോമീറ്റർ ദൂരെയും തേക്കടിയിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ ദൂരെയുമാണ് വാഗമൺ സ്ഥിതി ചെയ്യുന്നത്.

## വാഗമണ്ണിന്റെ വിപണനം

**പരിഹരിക്കാത്ത ഒരു തർക്കം :** വാഗമൺ പ്രദേശത്തെ ഭൂമിക്കുമേലുള്ള – അത് കാടായിക്കൊള്ളട്ടെ, പുൽപ്രദേശമോ തരിശുഭൂമിയോ ആയിക്കൊള്ളട്ടെ–നിയമപരവും ഭരണപരവുമായ തർക്കങ്ങളുടെ കെട്ടുപിണച്ചിൽ 1940 ന്റെ തുടക്കത്തിൽ തന്നെ തുടങ്ങിയിരുന്നു. കേരളത്തിൽ ഹൈറേഞ്ചിലെ സമാനമായ സ്ഥലങ്ങളിലൊന്നും ഇത്തരം തർക്കങ്ങൾ പരിഹരിക്കപ്പെ

ട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും ചൂണ്ടിക്കാട്ടുന്നു. കാരണം, അത്തരം പ്രദേശങ്ങളിൽ അനധികൃത കൈയ്യേറ്റം സാധ്യമാക്കുന്ന ആധാരങ്ങൾ സംബന്ധിച്ച വ്യക്തതയില്ലായ്മ നിലനില്ക്കുന്നു. കേരളത്തിലെ ഭൂചരിത്രത്തിന്റെ സൂക്ഷ്മമായ പരിശോധന വെളിപ്പെടുത്തുന്നത്, എവിടെയൊക്കെ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടോ അവിടെയൊക്കെ അധികൃതരുടെ കരുതിക്കൂട്ടിയുള്ള അലംഭാവത്തിന്റെ മറപറ്റി സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും പൊതുഭൂമി കൈയ്യേറിയിട്ടുണ്ടെന്നാണ്. വാഗമണ്ണിൽ ഇത് വളരെ വ്യാപകമായി സംഭവിച്ചിട്ടുണ്ട്.

**വാഗമൺ കൈയ്യേറുന്നു** : കേരളാ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഉടമസ്ഥതയിൽ വാഗമണ്ണിൽ 762 ഹെക്ടർ ഭൂപ്രദേശമുണ്ട്. അതിൽ 150 ഹെക്ടർ വനപ്രദേശമാണ്. ഇപ്പോൾ ആ പ്രദേശം കമ്പിവേലിക്കെട്ടി തരിച്ചിരിക്കുന്നു. ആർ, ആർക്കുവേണ്ടി, എന്തിനുവേണ്ടി അതു ചെയ്തെന്ന ചോദ്യത്തിന് ഉത്തരമില്ല. പഞ്ചായത്ത് അധികൃതർക്കോ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കോ യാതൊരു വിശദീകരണവും തരാൻ സാധിക്കുന്നില്ല. മാത്രമല്ല, അത്തരം ഭൂപ്രദേശം മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ പാരിസ്ഥിതിക-വനം മന്ത്രാലയങ്ങളുടെ അനുമതി ആവശ്യമാണെന്നിരിക്കെ അത്തരം യാതൊരു അനുമതിയും ലിഖിത രൂപത്തിൽ ഇല്ല. കൃത്യമായ അനുമതികൾ ഇല്ലാതെ ഇത്തരം ഭൂമി കൈയ്യേറ്റം അനുവദനീയമല്ലെന്ന് സുപ്രീം കോടതി, പല അവസരങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. വാഗമണ്ണിന്റെ വടക്കുഭാഗം കുറേക്കൂടി മലമ്പ്രദേശമാണ്. അതിന്റെ ഒരു വശത്താണ് ഇടുക്കി പദ്ധതി പ്രദേശം. തെക്കുഭാഗത്ത് നിമ്നോന്നതങ്ങളായ പുൽമേടുകളും, മുനമ്പുകളും, കോട്ടയത്തിന്റെ സമതലങ്ങളുടെ മനോഹരമായ കാഴ്ചയും. 1987 ൽ 440 ഹെക്ടർ ഗവൺമെന്റ് ഭൂമി വനവല്ക്കരണത്തിനായി വനം വകുപ്പിന് പതിച്ചുകൊടുത്തു. അതിൽ ഇരുപതോളം ഹെക്ടറിൽ പൈൻ മരങ്ങൾ കാണുന്നുണ്ട്.

കേരള കന്നുകാലി വികസന-പാൽവിപണന ബോർഡ് (The Kerala Live stock development and milk marketing Board - KLDMM Board) വാഗമണ്ണിലെ 1102 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥത വഹിക്കുന്നു. ഈ ഭൂമി ഇൻഡോ-സ്വിസ് പദ്ധതിക്കുവേണ്ടി നീക്കിവച്ചിരിക്കുകയാണ്. ഇൻഡോ-സ്വിസ് പ്രോജക്ട് സംസ്ഥാന ഗവർമെന്റിൽ നിന്നും ഈ ഭൂമി ഏറ്റെടുത്തത് 1965 ലാണ്. ഇതിൽ 440 ഹെക്ടർ ഭൂമി കാരപ്പാറ, കല്ലട, ചിമ്മിനി, കുരിയാർകുട്ടി പദ്ധതികൾക്കായി വെട്ടിവെളുപ്പിച്ച കാടിന് പകരമായി വനവല്ക്കരണം നടത്താൻ KLDMM ബോർഡ് വിട്ടുകൊടുത്തിട്ടുണ്ട്. ഇവിടെ വ്യാപകമായി പരദേശ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. പീരുമേട് താലൂക്ക് ഓഫീസിലെ രേഖകൾ പ്രകാരം KLDMM ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സ്വകാര്യകുടിയേറ്റക്കാർ കൈയ്യേറുകയും 193.08 ഹെക്ടർ ഭൂമി പിടിച്ചെടുക്കുകയുംചെയ്തിട്ടുണ്ട്. KLDMM ബോർഡിന്റെ അധീനത്തിലുള്ള ഭൂമി 1998-2000 ത്തിൽ ഡയറി സയൻസ് കോളേജ് മണ്ണുത്തിയിൽ നിന്നും കോലാഹലമേട്ടിലേയ്ക്ക് മാറ്റുന്നതിനു മുന്നോടിയായി കേരള കാർഷിക സർവ്വകലാശാല ഏറ്റെടുക്കുകയുണ്ടായി. അതെത്തുടർന്ന് ഈ ഭൂമിയുടെ ചിലഭാഗങ്ങൾ അധികൃതരുടെ നിശ്ശബ്ദ സമ്മതത്തോടെ ചില സ്വകാര്യവ്യക്തികൾ കൈയ്യേറി. കോളേജ് മാറ്റുന്നതാകട്ടെ ബന്ധപ്പെട്ടവർ കൗശലപൂർവ്വം മരവിപ്പിച്ചു. അടുത്തിടെ വനംവകുപ്പുമന്ത്രി വാഗമണ്ണിൽ വനംവകുപ്പിന് 255 ഹെക്ടർ ഭൂമി മാത്രമേ ഇപ്പോൾ നിലവിലുള്ളു എന്ന് നിയമസഭയിൽ സമ്മതിക്കുകയുണ്ടായി. അദ്ദേഹം നിയമസഭയെ അറിയിച്ചത് 21 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശമാണെന്നും അതു തിരികെപ്പിടിക്കുക അസാധ്യമാണെന്നുമാണ്. എന്നാൽ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലായ ഭൂമി ഇതിലും എത്രയോ അധികമാണ്! ഈ കുടിയേറ്റക്കാരെ ഒഴിപ്പിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥതയുള്ള ഒരൊറ്റ ശ്രമം പോലു മുണ്ടായിട്ടില്ല. മാത്രമല്ല ഗവൺമെന്റുടമസ്ഥതയിലുള്ള പദ്ധതിയുടെ കീഴിലുള്ള രണ്ടു തടാകങ്ങൾ സ്വാകര്യ ലോബികൾ അധികൃതരുടെ സഹായത്തോടെ കൈയ്യേറുകയും ചെയ്തിരിക്കുന്നു. എല്ലാറ്റിനുമുപരി കൈയ്യേറ്റക്കാർക്കെതിരെ നടപടികൾ എടുക്കണ്ടവർക്ക് കയ്യേറ്റക്കാരുമായി രാഷ്ട്രീയ ബന്ധങ്ങളും കുടുംബബന്ധങ്ങളും ഉണ്ട് എന്നതിന് ശക്തമായ തെളിവുകളുണ്ട്.

പന്നൽകെർ ഫോർസ്റ്റർ വേൾഡ് വൈഡ് (Pannellkerr Forster World Wide) എന്ന രാജ്യാന്തര സ്വകാര്യ കമ്പനിയോട് വാഗമൺ പ്രദേശത്തിനുവേണ്ടി ഒരു 'പാരിസ്ഥിതിക മാസ്റ്റർ പ്ലാൻ' തയ്യാറാക്കാൻ അഭ്യർത്ഥിക്കുകയുണ്ടായി. ടൂറിസം വകുപ്പിനുവേണ്ടി ഉണ്ടാക്കിയ വികസന മാസ്റ്റർ പ്ലാനനുസരിച്ച് 70 മുറികളോടുകൂടിയ ഒരു ആയുർവ്വേദ റിസോർട്ടും, 30 മുറികളോടുകൂടിയ വിപണി റിസോർട്ടും 20 മുറികളോടുകൂടിയ വാഗമൺ ആശ്രമവും, 20 വീടുകളടങ്ങിയ അവധിക്കാല വസതിയും, 20 മുറികളോടുകൂടിയ കായിക വിനോദ ക്ലബ്ബും പാരിസ്ഥിതിക ലോഡ്ജുകളും ഉദ്ദേശിക്കപ്പെടുന്നു. കേരള ഗവൺമെന്റിന്റെ രാഷ്ട്രീയ രസതന്ത്രം നിയന്ത്രിക്കുന്ന വൻ സ്വാധീനമുള്ള ചില വ്യക്തികളുടെ വ്യക്തിപരമായ ഇടപെടൽ ഇതിൽ തീർച്ചയായയുമുണ്ട്. അതിനാൽ മാറ്റിമറിക്കലുകളേയും നടപടി ലംഘനങ്ങൾ നടത്തിയവരേയും കുറിച്ചുള്ള ഒരു ചെറിയ കടലാസുപോലും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഒരാൾക്കും ലഭിക്കുകയില്ല.

KSIDC (Kerala State Industrial development Corporation) യും ഒരു സ്വകാര്യ പ്രമോട്ടറായ കൺസോളിഡേറ്റഡ് റിസോർട്ട്സ് ആന്റ് എസ്റ്റേറ്റ്, യു.എ. ഇയിലെ ഡോക്ടർ മൊഹമ്മദും തമ്മിലുള്ള ധാരണാപത്രം (MOU) അനുസരിച്ച് (ജിമ്മുമായി ബന്ധപ്പെട്ട വെബ്സൈറ്റിൽ അത് ലഭ്യമാണ്) വാഗമണ്ണിൽ അമ്പതുകോടിയുടെ ഒരു റിസോർട്ട് കോംപ്ലകസിന് ധാരണയായിട്ടുണ്ട്. എങ്കിൽപ്പോലും പിൽക്കാലത്ത് ഡോക്ടർ മൊഹമ്മദ് ഈ റിപ്പോർട്ട് നിഷേധിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞത് വാഗമണ്ണിൽ 300 ഏക്കർ സ്ഥലമുണ്ടെന്നല്ലാതെ ജിമ്മിൽ പറയുന്ന നിർദ്ദേശങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നാണ്. എങ്ങനെ അദ്ദേഹം 300 ഏക്കർ ഭൂമിയുടെ അധിപനായി എന്നത് അന്വേഷിക്കേണ്ടതാണ്. ടൂറിസം ഡിപ്പാർട്ടുമെന്റും ഇൻഹെറിറ്റൻസ് ഇന്ത്യ, മുംബൈയും തമ്മിൽ ഒപ്പുവച്ച മറ്റൊരു ധാരണാപത്രമനുസരിച്ച് അമ്പതുകോടി രൂപയ്ക്കുള്ള ഹോളിസ്റ്റിക് ടൂറിസ, വിദ്യാഭ്യാസ പദ്ധതിക്കുള്ള ധാരണയുമായിട്ടുണ്ട്. അമ്പതു കോടി രൂപയ്ക്കുള്ള ഒരു റിസോർട്ട് പണിയാനാഗ്രഹിക്കുന്ന മറ്റൊരു അപേക്ഷ കൂടി KSIDC യ്ക്ക് ലഭിച്ചിട്ടുണ്ട്.

ഇതിനെല്ലാം പുറമെ, നിരവധി സ്വകാര്യ ടൂറിസം ഭാഗ്യാന്വേഷികളും ചില തേയിലത്തോട്ടങ്ങളും അവിടെ വ്യാപാരവർദ്ധനവിനായി പുൽമേടുകളും ചോലകളും കൈയ്യേറിയിട്ടുണ്ട്. സ്വാഭാവിക പുൽപ്രദേശങ്ങൾ, തരിശുനിലമാണെന്ന് അവകാശപ്പെട്ടുകൊണ്ട്, അവർ നിയമവിരുദ്ധമായ നിർമ്മാണപ്രവർത്തനങ്ങൾ പ്രത്യക്ഷമായിതന്നെ നടത്തിക്കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പിന്നീട് എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഒരു ഇഞ്ചക്ഷൻ വഴി തടഞ്ഞിട്ടുണ്ട്.

വാഗമണ്ണിനു മേൽ പതിച്ച ദുരിതത്തിന് ഉത്തരവാദി ടൂറിസം മാത്രമല്ല. ജനതയേയും പ്രകൃതിയേയും ചൂഷണം ചെയ്യുന്ന മതപ്രവർത്തനങ്ങൾ വാഗമൺ പ്രദേശത്ത് പ്രത്യക്ഷമാണ്. നിരവധി തീർത്ഥാടനകേന്ദ്രങ്ങൾ ഉയർന്നുപൊങ്ങുന്നു. ഇവ തീർച്ചയായും ഭാവിയിൽ സാമുദാ

യിക ലയഭംഗം ഉണ്ടാക്കുമെന്നുറപ്പാണ്. കുരിശുമല തീർത്ഥാടനവും ദുഃഖവെള്ളിയാഴ്ചയും ഈസ്റ്ററിനു ശേഷമുള്ള ആദ്യത്തെ ഞായറാഴ്ച നടത്തുന്ന 'കുരിശിന്റെ വഴി'യും ഒരു വിശ്വാസ പ്രവൃത്തി എന്നതിനേക്കാൾ ആയിരക്കണക്കിന് ടൂറിസ്റ്റുകളേയും വിശ്വാസികളേയും ആകർഷിക്കുന്ന വലിയ ഒരു ടൂറിസ്റ്റ് സൗഹൃദമേളയാണ്. പ്രാദേശികമായി ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന സാമുദായിക ചേരിതിരിവിന് ആക്കം കൂട്ടുന്ന ഒരു ഉപാധിയാണ് അത്.

ഒരു മുസ്ലീമിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമായിരുന്നതിനാൽ 'തങ്ങൾപ്പാറ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്ഥലം, കുരിശുമല തീർത്ഥാടനത്തിനെതിർ നില്ക്കുന്നവർ കൈവശപ്പെടുത്തുകയും മുരുകന്റെ അമ്പലം അവിടെ പണിതുയർത്തുകയും ചെയ്തിരിക്കുന്നു. കൂടാതെ ഒരു മുസ്ലീം പള്ളിയും അവിടെ നിർമ്മാണത്തിലിരിക്കുന്നു. ഇതെല്ലാം തദ്ദേശവാസികളുടെ മനസ്സുകളിൽ അസ്വസ്ഥത വളർത്തിയിരിക്കുന്നു. അനാരോഗ്യകരമായ മതമത്സരങ്ങളും വിഷലിപ്തമായ വളംവെയ്ക്കലുകളും ജനങ്ങളുടെ മനസ്സുകളെ ഇപ്പോൾ തന്നെ ഛിദ്രമാക്കിയിരിക്കുന്നു.

## പ്രാദേശിക പ്രതിരോധം വളരുന്നു

ഗാന്ധിയുവമണ്ഡലത്തിന്റെ അംഗങ്ങളായ ചില യുവാക്കൾ വാഗമൺ പ്രശ്നത്തെക്കുറിച്ചുള്ള അവരുടെ ആശങ്കകളും പ്രതിഷേധങ്ങളും പങ്കുവയ്ക്കുകയുണ്ടായി. പ്രശ്നത്തെക്കുറിച്ച് അവർ പ്രാഥമികാന്വേഷണം നടത്തുകയും അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗൗരവമായി ഗവേഷണം ചെയ്തിട്ടുള്ളവരിൽ നിന്ന് ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. ജനനീതിയെ സമരത്തിൽ പങ്കെടുക്കാൻ അവർ ക്ഷണിക്കുകയുണ്ടായി.

വാഗമൺ ടൂറിസം വികസനത്തിന്റെ പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുന്നതിനായി ജനനീതി അതിന്റെ അംഗങ്ങളും സുഹൃത്തുക്കളും അടങ്ങുന്ന ഒരുസംഘത്തെ വാഗമണ്ണിലേക്ക് അയക്കുകയുണ്ടായി.

2003 സെപ്തംബർ 13, 14 തീയ്യതികളിലാണ് സംഘം വാഗമൺ സന്ദർശിച്ചത്. ആ പ്രദേശത്തിന്റെ മർമ്മ പ്രധാനമായ കേന്ദ്രങ്ങളിൽ സംഘം അന്വേഷണം നടത്തി. വിശദമായ ലാബറട്ടറി പരീക്ഷണങ്ങൾക്കായി മണ്ണും വെള്ളവും ശേഖരിച്ചു. ആ പ്രദേശത്തുമാത്രം കാണുന്ന നിരവധി സസ്യങ്ങളേയും പ്രാണികളെയും തിരിച്ചറിയാൻ സംഘത്തിനു സാധിച്ചു. മാനേജ്മെന്റിന്റെ സമ്മർദ്ദം മൂലം ജീവനക്കാരുയർത്തിയ കടുത്ത പ്രതിരോധങ്ങളെ ഭേദിച്ച് കൂണുകൾ പോലെ മുളച്ചുപൊന്തുന്ന റിസോർട്ടുകളിൽ ചിലതിലെങ്കിലും കയറിപ്പറ്റി അന്വേഷിക്കാൻ സംഘത്തിനായി.

## ഞങ്ങൾ കണ്ടതും പഠിച്ചതും വിശ്വസിക്കുന്നതും

സംഘം അഞ്ചു റിസോർട്ടുകളാണ് സന്ദർശിച്ചത്. (1) സമ്മർ സാന്റ് (2) വാഗമൺ ഹൈഡ് ഔട്ട് (3) അനന്യ (4) എടപ്പറമ്പിൽ വെൻചേഴ്സ് (5) നിർമ്മിതി കേന്ദ്ര കൺസ്ട്രക്ഷൻസ്. രണ്ടെണ്ണത്തിന്റെ പണി ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയാകാൻ ഇനിയും ധാരാളം ബാക്കിയിരിക്കേത്തന്നെ വാഗമൺ ഹൈഡ് ഔട്ടും അനന്യയും ടൂറിസ്റ്റുകൾക്കായി തുറന്നു കൊടുക്കുന്നുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വാരാന്ത്യം ചെലവഴിക്കാനെത്തുന്ന കുടുംബങ്ങളും, ഉല്ലാസത്തിനെത്തുന്ന യുവജനങ്ങളുടെ വലിയ കൂട്ടങ്ങളും, സമീപ പ്രദേശങ്ങളിലെ ഹോട്ടലുകളിലും റിസോർട്ടുകളിലും താമസക്കാരായെത്തുന്ന ടൂറിസ്റ്റുകളും യുവദമ്പതികളും കാമുകീകാമുകന്മാരമടക്കം അനേകർ വാഗമണ്ണിൽ എത്തുന്നുണ്ട്.

## വാഗമണ്ണിലെ ജൈവവൈവിധ്യം : ലയത്തിൽ നിന്നും തകർച്ചയിലേയ്ക്ക്

ഇന്ത്യയിലെ സ്വാഭാവിക വനങ്ങളിൽ പകുതിയലധികം നശിച്ചിരിക്കുന്നു. മൂന്നിലൊന്ന് ചതുപ്പനിലങ്ങൾ വരണ്ടിരിക്കുന്നു 70% ത്തോളം ജലസ്രോതസ്സുകൾ മലിനമായിരിക്കുന്നു. 40% ത്തോളം കണ്ടൽവനങ്ങൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു. മിക്കവാറും എല്ലാ പുൽപ്രദേശങ്ങളും കൃഷിക്കും ടൂറിസം വികസനത്തിനും വേണ്ടി കൈയ്യേറിയിരിക്കുന്നു. ഭീഷണമായ അവസ്ഥയാണിത്. ഏറ്റവും പുതിയ ഉപഗ്രഹ ചിത്രങ്ങൾ രാജ്യത്തെക്കുറിച്ച് ഞെട്ടിക്കുന്ന വസ്തുതകളാണ് പേറുന്നത്. ഇന്ത്യൻ വനങ്ങൾ 17% എന്ന നേരിയ ഒന്നായി മാറിയിരിക്കുന്നു. അതിൽ 12% ഉം പ്രാഥമിക വനങ്ങളാണ്. പുൽമേടുകളുടെ ശോഷണവും നാശവും ഭൂരിഭാഗവും രേഖപ്പെടുത്തിയിട്ടില്ല. ഇന്ത്യയിലല്ലായിരുന്നെങ്കിൽ ഈ പുൽമേടുകളെ ദേശീയ സമ്പത്തായി കണക്കാക്കിയേനെ. കാരണം അവയെ സവിശേഷ പൂർണ്ണമായ വൈവിധ്യത നിറഞ്ഞ പാരിസ്ഥിതിക മണ്ഡലമായാണ് ലോകമെമ്പാടും കരുതിപ്പോരുന്നത്.

ഈയടുത്ത കാലം വരെ വാഗമൺ പ്രാചീനമായ ഒരു കന്യാവനപ്രദേശമായിരുന്നു. 1940 ൽ 86000 ഹെക്ടർ ഹൈറേഞ്ച് നാണ്യവിളത്തോട്ടങ്ങൾക്കായി രേഖപ്പെടുത്തി. അന്നു മുതൽ വാഗമണ്ണിന്റെ പാരിസ്ഥിതികമണ്ഡലത്തിൽ ശോഷണം തുടങ്ങുന്നു. 1950 ന്റെ തുടക്കത്തിൽ തന്നെ വാഗമണ്ണിൽ ഭൂമി കൈയ്യേറ്റം ആരംഭിച്ചു. കഴിഞ്ഞ 50 വർഷങ്ങളായി റീസർവ്വേ നടന്നിട്ടില്ല. വാഗമണ്ണിന്റെ 12500 ഹെക്ടർ വളരെ വിലപ്പെട്ട ജീവരൂപങ്ങളുടെ സങ്കേതമായി തുടർന്നു. ജൈവവൈവിധ്യത്താൽ സമ്പന്നമായ അടിക്കുന്നുകൾ നിരവധി ചെറുജീവനുകളേയും സൂഷ്മ ജൈവരൂപങ്ങളേയും പേറുന്ന 'ഹ്യൂമസ്' ഉൾക്കൊള്ളുന്നു. ഈ അടിക്കുന്നുകളിൽ നിന്നാണ് മീനച്ചിലാറും മണിമലയാറും ഉത്ഭവിക്കുന്നത്.

ഈ പ്രദേശത്തെ 5000 സസ്യജാലങ്ങളിൽ രണ്ടായിരവും തദ്ദേശീയമാണ്. ഇത് തെളിയിക്കുന്നത് ഈ പുൽമടക്കുകൾ 2000 സൂക്ഷ്മകാലാവസ്ഥകളെ ഉൾക്കൊള്ളുന്നു എന്നാണ്. നിർബന്ധബുദ്ധിയോടെയും വാസ്തവവിരുദ്ധമായും വാഗമണ്ണിലെ പുൽപ്രദേശങ്ങളെ തരിശുനിലമായി ചിത്രീകരിച്ചിരിക്കുകയാണ് അധികൃതർ. ഇതൊരു നോട്ടപ്പിശകല്ല. കൈയ്യേറ്റത്തെ സുഗമമാക്കുന്നതിനുള്ള തന്ത്രമാണ്. ലാറ്ററൈറ്റ് വിഭാഗത്തിൽപ്പെട്ട മണ്ണുകൊണ്ടുമൂടിയ മേടുകളിലാണ് ഈ പുൽപ്രദേശങ്ങൾ എന്നതിനാൽ, ഈ പാരിസ്ഥിതികമണ്ഡലത്തിന് എന്തെങ്കിലും കോട്ടം സംഭവിച്ചാൽ അത് ഈ പ്രകൃതി സമ്പത്തിന്റെ നിലനില്പിനെ മൊത്തത്തിൽ അപകടപ്പെടുത്തുകയും രൂക്ഷമായ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുകൾക്കും കാരണമാകുകയും ചെയ്തേക്കും. ശാസ്ത്രസമൂഹം വിശ്വസിക്കുന്നത് സസ്യസമ്പത്തിൽ മൂന്നിലൊന്ന് ഈ പുൽപ്രദേശങ്ങളിലാണ് എന്നാണ്. 35 തേയിലത്തോട്ടങ്ങൾ ഇപ്പോൾത്തന്നെ പാരിസ്ഥിതികമണ്ഡലത്തിന് കോട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നു.

ചതപ്പുനിലങ്ങളും ചോലകളും വളരെ വേഗത്തിൽ വറ്റിക്കുകയും നിരപ്പാക്കുകയും നികത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. വെള്ളം വലിച്ചെടുക്കുകയും ശേഖരിക്കുകയും ചെയ്യുന്ന സ്പഞ്ച് ആയി പ്രവർത്തിക്കുന്ന ചതുപ്പുകൾ അതിവേഗം മാഞ്ഞുകൊണ്ടിരിക്കുന്നു. വെള്ളം വലിച്ചെടുക്കുന്ന 'പുത' (Humus) അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഈ പുൽത്തടങ്ങളിലെ നീർപ്പറ്റുകളും മറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് വാഗമൺ പ്രദേശത്തെ ഗുരുതരമായ ജലക്ഷാമത്തിലേയ്ക്കു നയിക്കും. ഇപ്പോൾ തന്നെ, എല്ലാ കൊല്ലവും ഡിസംബർ മുതൽ ജൂൺ വരെ രൂക്ഷമായ ജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെന്ന് സ്ഥലവാസികൾ പറയുന്നു. ഈ പ്രദേശത്ത് ഹോട്ടൽ വ്യവസായത്തിലും

ടൂറിസം വികസനത്തിലും പണമിറക്കിയവർ, അവരുടെ ഉപഭോക്താക്കൾക്കുവേണ്ടി, മറ്റ് ജല സ്രോതസ്സുകൾ അന്വേഷിക്കേണ്ടിവരും. അവർക്ക് കുഴൽക്കിണറുകളെ ആശ്രയിക്കേണ്ട തായി വരും. വാഗമൺ പ്രദേശം ഇടുക്കി അണക്കെട്ടിന്റെ പദ്ധതി പ്രദേശമാണ്. അണ ക്കെട്ടുകൾക്കു സമീപം കുഴൽക്കിണറുകൾ താഴ്ത്തുന്നത് ആത്മഹത്യാപരമായിരിക്കും. ഈ മേഖലയിൽ ഭൂകമ്പത്തിനും ഉരുൾപൊട്ട ലിനും വരൾച്ചയ്ക്കുമുള്ള സാധ്യതകൾ വളരെയധികമായിക്കൊണ്ടിരിക്കുന്നു.

## റിസോർട്ടുകൾ :
## ഒരു അന്വേഷണ പഠനം

റിസോർട്ടുകൾ മൂലമുണ്ടാകുന്ന ആഘാത ങ്ങളെക്കുറിച്ചു പഠിക്കാൻ ജനനീതി സംഘം തിരഞ്ഞെടുത്തത് വാഗമൺ ഹെഡ് ഔട്ട് എന്ന റിസോർട്ടാണ്. നിർമ്മിക്കാനുദ്ദേശിക്കുന്ന 67 കോട്ടേജുകളിൽ 12 എണ്ണം പൂർത്തിയിട്ടുണ്ട്. തേയിലത്തോട്ടമായിരുന്ന 25 ഏക്കർ റിസോർട്ടി നുവേണ്ടി ലഭിച്ചത് ശ്രീ. തോമസ് പഞ്ഞിക്കു ന്നേലിൽ നിന്നാണ്. തേയിലത്തോട്ടം പാട്ട ത്തിനു ലഭിച്ചതാണോ എന്ന് അന്വേഷിക്കേ ണ്ടിയിരിക്കുന്നു. റിസോർട്ടുമായി ബന്ധമുള്ള ജനങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളനുസരിച്ച് കേരളത്തിലെ ഇപ്പോഴത്തെ ടൂറിസം വികസന മന്ത്രിക്ക് റിസോർട്ടിൽ എന്തൊക്കെയോ താത്പ ര്യങ്ങളുണ്ട്. റിസോർട്ടിനെപ്പറ്റി ഗംഭീരമായി പാര സ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും റിസോർട്ടിലേ യ്ക്കുള്ള പ്രവേശനം അവിടുത്തെ ജീവനക്കാർ തടഞ്ഞു. തിരുവനന്തപുരത്തെ കേന്ദ്ര ഓഫീ സിൽ നിന്നും അനുമതി വാങ്ങിയെത്തുന്നവരെ, വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ റിസോർട്ടിലേയ്ക്ക് പ്രവേശിപ്പിക്കുകയുള്ളൂ. വാഗമണ്ണിലെ കുരിശുമലകവലയിലെ അതിന്റെ ജനസമ്പർക്ക ഓഫീസും, റിസോർട്ടിന്റെ ഫ്രണ്ട് ഓഫീസും കോട്ടേജുകളും പണിതീരാത്ത റെസ്റ്റോറന്റും എല്ലാം നിർമ്മിച്ചിരിക്കുന്നത് മണ്ണും ബിറ്റുമെന്റ് മിശ്രിതവും ഉപയോഗി ച്ചാണ്. ഗോത്രചരായക്ക് വേണ്ടിയാണ് അത്. തറയും ചുമരുകളും ചന്ദനവേമ്പ് മരം കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഹോട്ടൽ അധികൃതർ അവകാശപ്പെടുന്ന 'പരിസ്ഥിതി-സൗഹൃദ' സ്വഭാവത്തിനു വേണ്ടി. ഒരു അന്താ രാഷ്ട്ര കോൺഫ്രൻസ് നടത്തുന്നതിന് അനു യോജ്യമായ സ്ഥലമന്വേഷിച്ച് ഇറങ്ങിയതാ ണെന്ന് ജനനീതി സംഘംജീവനക്കാരോട് പറ ഞ്ഞെങ്കിൽപ്പോലും അവിടെയുണ്ടായിരുന്ന ജീവനക്കാർ ആകപ്പാടെ അസ്വസ്ഥരായികാണ പ്പെട്ടു. ഫോട്ടോയെടുപ്പ് കർശനമായി നിരോ ധിച്ചിരിക്കുകയാണ്. റിസോർട്ടിനെ സംബന്ധിച്ച ഒന്നുംതന്നെ വെളിപ്പെടുത്താൻ ജീവനക്കാർ തയ്യാറായില്ല. മറിച്ച് തിരുവനന്തപുരം ഓഫീ സിൽ നിന്നും അനുവാദം വാങ്ങിയോ എന്നാണ് അവർ അന്വേഷിച്ചത്. ആ പ്രദേശത്ത് റിസോർട്ട് ഉണ്ടാക്കിയ നാശങ്ങൾ വളരെ വലുതും ഞെട്ടിപ്പിക്കുന്നതുമാണ്. മീനച്ചിലാ റിന്റെ കൈവഴിയായ ഒരരുവി തടഞ്ഞുനിർത്തി ഉപഭോക്താക്കളുടെ ഉല്ലാസത്തിനും ബോട്ടിം ഗിനുമായി ഒരു കൃത്രിമ തടാകമുണ്ടാക്കിയിരി ക്കുന്നു. ഇതിന്റെ നിർമ്മാണത്തിലുള്ള നിയമ ലംഘനത്തെപ്പറ്റി ബോധവാന്മാരായതിനാൽ ഈ തടാകം പൊതുജനദൃഷ്ടിയിൽ നിന്നും കഴി യുന്നത്ര മറച്ചാണ് നിർമ്മിച്ചിരിക്കുന്നത്. ശുദ്ധ ജലത്തിന്റെ സ്ഥാനത്ത് റിസോർട്ട് മാനേജ്മെന്റ് അവരുടെ അഴുക്കു ജലമാണ് മീനച്ചിലാറായി മാറുന്ന അരുവിയിലേയ്ക്ക് ഒഴുക്കിവിടുന്നത്.

'ഹൈഡ് ഔട്ടി'ൽ ഒളിച്ചുവയ്ക്കാൻ എന്തൊക്കെയുണ്ട്? ആരുടെ എന്തൊക്കെ? പൊതുജനങ്ങൾക്ക് അതറിയാനുള്ള അവകാശ മുണ്ട്. ഇതിന്റെ ആധാരപത്രങ്ങൾ പൊതുരേ ഖകളാണ്. ശരിയായ വഴിയിലൂടെ ആവശ്യ പ്പെടുമ്പോൾ അതിഥികൾക്ക് അതു കാണിച്ചു കൊടുക്കുന്നരീതിയിൽ അതിനെ ഒരു പൊതു രേഖയാക്കേണ്ടതുണ്ട്. മറിച്ച് കേരളഗവണ്മെന്റും ബന്ധപ്പെട്ട വകുപ്പുകളും കോർപ്പറേറ്റ് ഓഫീ സുകളും ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിൽ നിന്നും അകന്നു നിൽക്കുന്നത് കരുതിക്കൂട്ടിയും ദുരൂഹമായും പലകാര്യങ്ങളും മറച്ചുവയ്ക്കു ന്നതിനാണ്. എന്തുകൊണ്ട്?

## സമ്മർസാന്റ്

തത്ക്കാലം പണിനിർത്തിവെച്ച റിസോ ർട്ടാണ് സമ്മർസാന്റ്. അതിന്റെ പടിവാതി ല്ക്കൽ വച്ചിരിക്കുന്ന ബോർഡിൽ നിന്നും ഇത് 'ജിമ്മിൽ' മാമോദീസ മുക്കി യെടുത്ത ഒരു പദ്ധതിയാണെന്ന് വ്യക്തമായി. ഇത് സ്ഥിതി ചെയ്യുന്ന ഭൂമി ആദ്യം KLDMM ന്റെ കൈവശമായിരുന്ന, പിന്നീട് ഡയറി സയൻസ് കോളേജിനുവേണ്ടി കേരളാ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിക്കു കൈമാറി. കാർഷിക സർവ്വ കലാശാല എന്തോകാരണത്താൽ ഡയറിസ യൻസ് കോളേജ് എന്ന ആശയം പെട്ടിയിലട യ്ക്കുകയും, കോളേജിനുവേണ്ടി നീക്കിവച്ച സ്ഥലം ചില സ്വകാര്യവ്യക്തികൾ കൈയ്യേറു കയും ചെയ്തു. അവർക്കെതിരെ യാതൊരു നട പടിയും ഇന്നോളമുണ്ടായിട്ടില്ല.

നേരത്തെപറഞ്ഞപോലെ, 'സമ്മർസാന്റി' ന്റെ പണി ഹൈക്കോർട്ടിന്റെ വിധിപ്രകാരം നിർത്തിവച്ചിരിക്കുകയാണ്. 'വാഗമൺ ഹൈഡ് ഔട്ടി'ന്റെ കാര്യത്തിൽ പറഞ്ഞപോലെ ഇവി ടെയും വെള്ളച്ചാൽ തടഞ്ഞുനിർത്തികുളം പോലെ തോന്നുന്ന ഒന്ന് നിർമ്മിച്ചിരിക്കുന്നു. വടക്കുനിന്ന് തെക്കോട്ടു ചരിഞ്ഞുകിടക്കുന്ന ഒരു ഭൂപ്രദേശത്താണ് 'സമ്മർസാന്റി' ന്റെ വളപ്പ് സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശം വനഭൂമിയുടെ ഭാഗമാണെന്ന് തദ്ദേശീയർ പറയുകയുണ്ടായി. ചുറ്റുവട്ടത്തുള്ള താമസക്കാർക്കാർക്ക് ആരാണി തിൽ മുതൽമുടക്കിയിട്ടുള്ളത് എന്നതിനെപ്പറ്റി യാതൊരറിവുമില്ലെന്നകാര്യം ഞങ്ങളെ ആശ്ച ര്യപ്പെടുത്തി. കാലവർഷം കനക്കുമ്പോൾ ഇവിടെ വലിയ ഉരുൾപൊട്ടലുകൾക്ക് സാധ്യ തയുണ്ടെന്ന് വിദഗ്ദ്ധർ പറഞ്ഞു. കാരണം അടി യിലുള്ള ഗ്രാനൈറ്റ് വരെയുള്ള മണ്ണിന്റെ ആഴം 6 അടിയേ ഉള്ളൂ. ഇത്തരമവസ്ഥയിൽ കുളം നിർമ്മിച്ചാൽ ഗുജറാത്തിലെ മോർവി അണക്കെട്ട് ദുരന്തത്തിനെ ഓർമിപ്പിക്കുന്ന ഒന്നി ലേക്ക് അത് വഴിതെളിയിച്ചേക്കും.

## വാഗമണ്ണിന്റെ സസ്യസമ്പത്ത്

വാഗമൺപ്രദേശം പുൽപ്രദേശ പാരിസ്ഥി തിക മണ്ഡലത്തിന്റെ ഒരു തനി ഉദാഹരണമാ ണ്. 200 തരം പുല്ലിനങ്ങൾ ഇവിടെ വളരുന്നു എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ മുപ്പ തോളം എണ്ണം ഹൈറേഞ്ചിൽ മാത്രം കാണ പ്പെടുന്നവയാണ്. പുൽമേടുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വെള്ളം കെട്ടി നില്ക്കുന്ന അടി വാരങ്ങൾ പ്രധാനപ്പെട്ട പ്രദേശങ്ങളാണ്. അവ അപൂർവ്വ സസ്യങ്ങളുടെയും പുല്ലിനങ്ങളു ടേയും ഉത്ഭവപ്രദേശമാണ്. ഈ പ്രദേശത്ത് 170 തദ്ദേശീയ ഓർക്കിഡുകൾ കണ്ടെത്തിയതായി റിപ്പോർട്ടുണ്ട്. 28 അത്യപൂർവ്വ ഔഷധസസ്യ ങ്ങളും ഇവിടെ നിന്ന് കണ്ടെടുത്തിട്ടുണ്ട്. ഈ ലോലപ്രദേശത്ത് തദ്ദേശീയവും അപൂർവ്വവുമായ ഒരു പാട് ചെടികളെ ഞങ്ങളുടെ സംഘവും കണ്ടെടുക്കയുണ്ടായെന്ന് ഇതോട് കൂടി ചേർക്ക ട്ടെ. സംസ്ഥാനത്തെ വിവിധ ജലവൈദ്യുത പദ്ധ തികൾക്കായി ഉപയോഗിക്കപ്പെട്ട വനഭൂമിയുടെ നഷ്ടം പരിഹരിക്കുന്നതിനായി വനംവകുപ്പ് വിദേശവൃക്ഷങ്ങൾ നട്ടുവളർത്തിയിട്ടുണ്ട്. ഇങ്ങ നെയുള്ള 'വനവല്ക്കരണ' പദ്ധതികളുടെ ഭാഗ മായി വളർത്തിയ പൈൻമരങ്ങൾ ഇപ്രദേശത്തെ തദ്ദേശീയ സസ്യജീവിതത്തെ അധിനിവേശിച്ചി രിക്കുന്നു.

## വാഗമണ്ണിന്റെ മൃഗസമ്പത്ത്

അത്യപൂർവ്വവും തദ്ദേശീയവുമായ, വലുതും ചെറുതുമായ സസ്തനികൾ, പക്ഷികൾ, ഷഡ്പ ദങ്ങൾ, ശലഭങ്ങൾ എന്നിവയിൽ സമ്പന്നമായ ഒരു കേന്ദ്രമാണ് വാഗമൺ പുൽപ്രദേശങ്ങൾ. ആ പ്രദേശത്തിന്റെ ജന്തുജാലപാരമ്പര്യത്തിന്റെ

നിരവധി തെളിവുകൾ ജനനീതി സംഘം ശേഖരിക്കുകയുണ്ടായി. ഒരുവലിയ പകരംവയ്ക്കലിന്റെ ഭാഗമായി സൂക്ഷ്മജീവികൾക്കു പകരം ഷഡ്പദങ്ങൾ വരുന്നത്. ഈ പ്രദേശത്തെ ജൈവ സന്തുലിതത്വത്തെ തകർക്കുകയും അത് സംസ്ഥാനത്തെ കാടുകളിലെ ജന്തുസമ്പത്തിനെ ബാധിക്കുകയും ചെയ്തേക്കാം.

## കിളികളുടെ പട്ടിക

| Common Name | Zoological term |
|---|---|
| Jungle fowl | Gallus sonnerattii |
| Malabar grey hornbill | ocyceros griseus |
| Great hornbill | buceros bicornis |
| Malabar parakeet | psittacula columboides |
| Spotted dove | Streptopelia |
| Red wattled lapwings | Vanellus indicus |
| Asian fairy blue bird | Irena puella |
| Asian paradise fly cather | Terpsiphone paradist |
| Hill myanh | Gracula religiosa |
| Cylon frog mouth | |

## ചെറുസസ്തനികളുടെ പട്ടിക

| |
|---|
| Small Indian Civets |
| Porcupine (മുള്ളൻ പന്നി) |
| Ant eaters (ഈനാം പേച്ചി) |
| Martens |
| Flying squirrels ( പറക്കും അണ്ണാൻ) |
| Toddy cats (മെരു) |
| Hares (മുയൽ) |
| Malabar giant squirrel (മലയണ്ണാൻ |
| Slender Loris |

## റിപ്പോർട്ടുചെയ്യപ്പെട്ട വൻ സസ്തനികൾ

| Common Name |
|---|
| Tiger (കടുവ) |
| Leopards (പുലി) |
| Nilgiri Langur |
| Mouse deer |
| Barking deer |

ഇതിനെല്ലാം പുറമേ അപൂർവ്വമായ അനേകം മത്സ്യങ്ങളും തവളകളും ഷഡ്പദങ്ങളും ഈ പ്രദേശത്ത് ഉണ്ട്. Lotches ഉം പൂച്ച മത്സ്യവും വിവിധശലഭങ്ങളും ഈ പ്രദേശത്തിന്റെ ജൈവവൈവിധ്യത്തെ സമാന്തരതകളില്ലാത്തതാക്കുന്നു. മൂർഖൻ, രാജവെമ്പാല, ചേനത്തണ്ടൻ, അണലി തുടങ്ങിയ പാമ്പുകളും നിരവധി വിഷമില്ലാത്ത ഉരഗങ്ങളും ഈ പ്രദേശത്തുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

## വെള്ളം, മണ്ണ് പരിശോധനകൾ

ജലചക്രം ഒരു പാരിസ്ഥിതിക പ്രക്രിയയാണ്. അരുവികൾ, നീർത്തടങ്ങൾ പുഴകൾ തുടങ്ങിയവ ഉത്ഭവിക്കുന്നതും രൂപപ്പെടുന്നതും, എല്ലാ ഋതുക്കളിലും പരിസ്ഥിതി മണ്ഡലങ്ങൾ ഉൾക്കൊള്ളുകയും പുറം തള്ളുകയും ചെയ്യുന്ന വെള്ളത്താലാണ്. പുൽപ്രദേശങ്ങൾക്കും ചോലക്കാടുകൾക്കും ജലസ്രോതസ്സുകളുടെ സംരക്ഷകരും ഉല്പാദകരുമെന്ന നിലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. 1993 ലേയും 96 ലേയും ലോകാരോഗ്യസംഘടനയുടെ നയരേഖകളനുസരിച്ച് അവയെ നേരിട്ട് ഉപയോഗിക്കുന്നത് വർത്തമാന പരിതസ്ഥിതിയിൽ മുഴുവനായി ശരിയല്ലെങ്കിൽപ്പോലും, വാഗമണ്ണിന്റെ മനുഷ്യോപയോഗത്തിനുള്ള ജലത്തിന്റെ ഉപയോഗ്യത, മൈക്രോ ബയോളജിക്കൽ തലം, വെള്ളത്തിന്റെ രാസികവും ഭൗതികവുമായ സ്വഭാവങ്ങളും വികിരണക്ഷമ, തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. താഴെപ്പറയുന്ന ഫലമാണ് കിട്ടിയത്.

ശാസ്ത്രീയമായി സാധാരണഗതിയിൽ, മനുഷ്യോപയോഗത്തിന് ഉപയോഗിക്കുന്ന വെള്ളം

a രോഗാണുവിമുക്തമായിരിക്കണം
b ഉപദ്രവകാരികളായ രാസവസ്തുക്കളിൽ നിന്നും വിമുക്തമായിരിക്കണം
c രുചിയുള്ളതായിരിക്കണം
d ഗാർഹികോപയോഗത്തിന് അനുയോജ്യമായിരിക്കണം.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാത്ത ജലം മലിനജലമോ വിഷജലമോ ആണ്. സാധാരണ ഗതിയിൽ ഒരാൾക്ക് ദിവസേന 2 ലിറ്റർ വെള്ളം ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമാണ്.

ടൂറിസം വികസനത്തിന്റെ ഒരു പ്രധാനവിഷയം ശുദ്ധവും കുടിക്കാനുതകുന്നതുമായ ജലത്തിന്റെ ലഭ്യതയാണ്. നാലോ അഞ്ചോ ദശകങ്ങളായി വാഗമൺ പ്രദേശത്ത് വസിച്ചുവരുന്നവർ സാക്ഷ്യപ്പെടുത്തുന്നത് ഡിസംബർ മുതൽ മെയ്/ജൂൺ വരെയുള്ള മാസങ്ങളിൽ ആ പ്രദേശത്ത് ജലദൗർലഭ്യം വൻ തോതിൽ അനുഭവപ്പെട്ടുവരുന്നുണ്ടെന്നാണ്. കുളങ്ങളിലേയും പുൽമേടുകളെ തമ്മിൽ യോജിപ്പിക്കുന്ന ജലസന്ധികളിലേയും നിലവിലുള്ള ജലം പരിശോധിച്ചപ്പോൾ ബോധ്യമായത് അവ മനുഷ്യോപയോഗത്തിന് അനുയോജ്യമല്ലെന്നാണ്. തേയിലത്തോട്ടങ്ങളും മറ്റുനാണ്യവിളത്തോട്ടങ്ങളും ജലസ്രോതസ്സുകൾക്ക് ദോഷം വരുത്തിയിരിക്കാം. മലിനജലനിർഗ്ഗമനവും രാസവസ്തുക്കളും കീടനാശിനികളും അസഹ്യമായ വിധത്തിലുള്ള മലിനീകരണത്തിന് വഴിവച്ചേക്കാവുന്നതാണ്. പൊതുജനത്തേയും ആരോഗ്യം നിറഞ്ഞ പാരിസ്ഥിതികതയ്ക്കായുള്ള അവരുടെ അവകാശത്തേയും വിപരീതമായി ബാധിക്കുന്നവ. വാഗമൺ പ്രദേശത്തുനിന്നും സ്വീകരിച്ച ജലത്തിൽ മലിനീകരണത്തിന്റെ സൂചനകൾ ഇവയാണ്.

1. 20º C യിലെ BOD
2. ക്ലോറൈഡുകളുടെ ഗാഢതയുടെ ആധിക്യം.
3. നൈട്രജന്റെയും ഫോസ്ഫറസിന്റേയും സാന്നിദ്ധ്യം
4. ലയിച്ചു ചേർന്ന ഓക്സിജന്റെ അഭാവം.

7ൽ കുറവായ PH മൂല്യം കുടിവെള്ളത്തെ സംബന്ധിച്ചടത്തോളം അഭിലഷണീയമല്ല. ഇപ്പോഴത്തെ മൂല്യം 5.71 ആണ്. ലയിച്ചുചേർന്ന ഓക്സിജന്റെ അളവ് ജലത്തിന്റെ താപനിലയ്ക്കും ചേരുവകൾക്കും വിധേയമാണ്. ലയിച്ചുചേർന്ന ഓക്സിജന്റെ നിർമാർജ്ജനം, നൈട്രേറ്റുകളെ നൈട്രൈറ്റുകളായും സൾഫേറ്റുകളെ സൾഫൈഡായും സൂക്ഷ്മമായി നിരോക്സീകരിക്കാം. അത് ജലത്തിന്റെ മണത്തെ സംബന്ധിച്ച പ്രശ്നങ്ങൾ ഉണ്ടാക്കും. കാഠിന്യം 100 Mg/l ആയ 'മൃദുജല' (Soft Water) ത്തിന്റെ സമ്മർദ്ദം (Buffer Capacity) കുറയ്ക്കുകയും കുടിവെള്ളമെന്ന നിലയിൽ ജലത്തിന്റെ ഉപയോഗത്തെ വിപരീതമായി ബാധിക്കുകയും ചെയ്യും.

| Parameters | Concertrations | Units |
|---|---|---|
| Physical appearance | Tiny suspended particles are seen but settle on standing | |
| Odour | Nil | |
| pH | 5.71 | pH Units |
| Total Alkalinity | 8.8 | Mg/1 as $CaCo_3$ |
| Total Hardness | 6.8 | Mg/1 as $CaCo3_3$ |
| Chlorides | Nil | Mg/l |
| D.O. | 7.3 | Mg/l |
| Turbidity | Nil | NTU |
| Iron | 0.2 | Mg/1 |
| M P N | < 3 | 100 ml |

വാഗമൺ പ്രദേശത്തുനിന്നും ശേഖരിച്ച വെള്ളത്തിന്റെ പരിശോധന തെളിയിക്കുന്നത് അത് ഗൃഹോപയോഗത്തിന് അനുയോജ്യമല്ലെന്നാണ്. അനുദിനം മുളച്ചുപൊന്തുന്ന റിസോർട്ടുകൾ യാതൊരു വിവേചനവുമില്ലാതെ നൂറുകണക്കിന് ടൂറിസ്റ്റു

കളെ ഓരോ ദിവസവും ആകർഷിക്കുകയും അതിനനുസരിച്ചുള്ള കച്ചവടങ്ങൾ അവിടെ ആരംഭിക്കുകയും ചെയ്താൽ എന്തായിരിക്കാം സംഭവിക്കുക?

## മണ്ണിന്റെ പരിശോധന

വാഗമൺ പ്രദേശത്തെ മണ്ണ് തൃശ്ശൂർ മണ്ണു പരിശോധനാകേന്ദ്രത്തിൽ (അംഗീകൃത നമ്പർ U.377) പരിശോധിച്ചു. അതിന്റെ PH മൂല്യം 7.2 ആണ്. ലയിച്ചുചേർന്ന ലവണങ്ങൾ (Tss Ec mhos/cm ൽ) 2.0 ആണ്. അതല്പം കൂടുതലാണ്. ജൈവ കാർബണിന്റെ അളവ് 1.2 ആണ്. അതൊരു മധ്യമ വിതാനമാണ്. ഫോസ്ഫറസ് വിതാനം (Pkg/Ha യിൽ) 2.5 ആണ്. അത് വളരെക്കുറവാണ്. പൊട്ടാസ്യം വിതാനം (Kg/Ha) 225, ശരാശരി ആണ്. ഈ പുൽപ്രദേശത്തിന്റെ മണ്ണിന്റെ സ്വഭാവം അന്യാദൃശ്യമാണ്. ഇതിലേയ്ക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം പുൽമേടുകളെ അട്ടിമറിക്കും. അത് ഈ പ്രദേശത്തിന്റെ സസ്യ-ജന്തുജാലങ്ങളെ ബാധിക്കും.

## നിയമം എന്തുപറയുന്നു?

*പൊതുവിശ്വാസസംഹിതയും പരിസ്ഥിതി സംരക്ഷിക്കുന്നതിൽ ഭരണകൂടത്തിനുള്ള ബാധ്യതയും*

"സസ്യ-ജന്തുജാലങ്ങളാലും മനുഷ്യരാലും മറ്റ് പ്രാണികളാലും നിറഞ്ഞ ഭൂമി എന്ന ഈ ഗ്രഹം, നിർമ്മിക്കപ്പെട്ടിട്ടുള്ളത് എല്ലാ പ്രാണങ്ങളുടേയും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ പാകത്തിനാണ്. പ്രാണങ്ങൾ ഏന്നുപറയുമ്പോൾ മനുഷ്യവർഗ്ഗം എന്നല്ല അർത്ഥമാക്കേണ്ടത്. ജന്തുക്കൾ, പക്ഷികൾ, മത്സ്യങ്ങൾ, പുഴുക്കൾ, പാമ്പുകൾ, ഹൈഡ്രകൾ എന്നിവമാത്രമല്ല നിരവധി വൈവിധ്യമുള്ള സസ്യങ്ങൾ, പടർസസ്യങ്ങൾ, പുൽമേടുകൾ, കൊടുംവനങ്ങൾ ഇവയെല്ലാമാണ് അവ ശുദ്ധവായുവിലും ശുദ്ധജലത്തിലും പരിശുദ്ധമായ മണ്ണിലും മാത്രമേ തുടരുകയുള്ളു. "ജീവൻ" ഈ ഗ്രഹത്തിൽ തുടർന്നു നിലനിർത്താനുള്ള അടിസ്ഥാനഘടകങ്ങളാണ് അവ. ജീവനുള്ളവ, മനുഷ്യരടക്കം, ഒന്നിച്ച് ശാന്തമായാണ് ജീവിച്ചുപോന്നത്. പക്ഷേ എപ്പോൾ മനുഷ്യർ മനുഷ്യത്വവിരുദ്ധമായി പ്രവർത്തിക്കാൻ തുടങ്ങിയോ അന്നുമുതൽ ദുരന്തത്തിന്റെ യുഗം ആരംഭിച്ചു. അത് അതിജീവനത്തിൽ പുതിയ പ്രശ്നങ്ങൾ കൊണ്ടുവന്നു". എസ്.സഹീർ അഹമ്മദ് (ജ)

വിധിന്യായങ്ങൾ വഴി ഇന്ത്യൻ ജൂഡീഷ്യറി പരിസ്ഥിതിയുടെ കാവൽമാലാഖ എന്ന അതിന്റെ ഭാഗധേയം നിലനിർത്തിയിട്ടുണ്ട്. ശ്രീ. എം.സി.മേത്ത നിരവധി കേസുകൾ ഈയിനത്തിൽ ഫയൽ ചെയ്തിട്ടുണ്ട്. ഹിമാചൽ പ്രദേശിലെ കുളു മണാലി താഴ്‌വരയിലെ ബ്യാസ് നദിയുടെ (Beas) പാരിസ്ഥിതിക മണ്ഡത്തെ തകർക്കും വിധം പണിയുന്ന ഒരു മോട്ടൽ പരമോന്നതകോടതിയുടെ ശ്രദ്ധയിൽ പെടുകയും പൊതുജനതാത്പര്യത്തിൽ സുപ്രീം കോടതി സ്വയമേവ കേസെടുക്കുകയും ചെയ്തു. മാത്രമല്ല കുറ്റക്കാരന് നല്ല പിഴ വിധിക്കുകയും പാട്ടം മരവിപ്പിക്കുകയും ചെയ്തു. (എം.സി.മേത്ത v/s കമൽ നാഥ് - 1992 / SC 388 തുടർന്നുള്ള വിധിന്യായങ്ങളും) തർക്കപ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷത മനസ്സിലാക്കി കോടതി ഇങ്ങനെ നിരീക്ഷിച്ചു. "പാരിസ്ഥിതികമായി ലോലവും ദൃശ്യഭംഗി നിറഞ്ഞതുമായ ഈ പ്രദേശം കച്ചവടലാഭത്തിനുവേണ്ടി സ്വകാര്യ ഉടമസ്ഥതയിലാക്കിക്കൂടാ. പൊതുജനത്തിന് ചില ഭൂമികളിലൊഴികെ മറ്റെല്ലാ ഭൂമികളിലും പ്രകൃതിഭംഗി നിറഞ്ഞ പ്രദേശങ്ങളിലും അവകാശമുണ്ടെന്ന ചോദനഭൂനിയമത്തിലൂടെ അതിന്റെ വഴികളെ പ്രകാശിപ്പിക്കട്ടെ". വനഭൂമിയും ബ്യാസ് നദിയുടെ തടവും കരകളും ഉൾപ്പെട്ട ഭാഗവും കൈയ്യേറ്റം ചെയ്യപ്പെടുകയും പിൽക്കാലത്ത് അതൊരു സ്വകാര്യ സംരംഭത്തിന് വാടകയ്ക്ക് കൊടുക്കുകയും ചെയ്തതിനെതിരെയായിരുന്നു കേസ്. ഒരന്വേഷണപ്രകാരം സ്പാൻമോട്ടൽ ലിമിറ്റഡ് എന്ന ആ സ്വകാര്യസ്ഥാപനം നദിയുടെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും അതുവഴി ആ പ്രദേശത്തിന്റെ പരിസ്ഥിതിയെയും പാരിസ്ഥിതിക മണ്ഡലത്തെയും തകർക്കുകയും ചെയ്തു എന്ന് വ്യക്തമായി.

മോട്ടലിന്റെ പ്രവർത്തനങ്ങൾ പരിസ്ഥിതിയിലുണ്ടാക്കിയ ആഘാതങ്ങൾ പരിഗണിച്ച് കോടതി കണിശമായി ഇങ്ങനെ അഭിപ്രായപ്പെട്ടു. "മലിനീകരണം പൊതുജനത്തോടു ചെയ്യുന്ന കുറ്റമാണ്. മുഴുവൻ സമൂഹത്തോടും ചെയ്യുന്ന അപരാധമാണത്. അതിനാൽ മലിനീകരണത്തിന് കാരണക്കാരനായ വ്യക്തി പരിസ്ഥിതിയുടെയും പാരിസ്ഥിതികമണ്ഡലത്തിന്റെയും പുനരുജ്ജീവനത്തിനുവേണ്ടി നഷ്ടപരിഹാരം നൽകേണ്ടതുണ്ട്. ആ വ്യക്തി ഹർജിക്കാരനുണ്ടായ സാമ്പത്തികനഷ്ടവും പരിഹരിക്കേണ്ടതുണ്ട്. ഏതെങ്കിലും തരത്തിലുള്ള മലിനീകരണം നടത്തുന്നതിൽ നിന്നും മറ്റുള്ളവരെ അകറ്റിനിർത്തുന്നതിനായി പ്രേരിപ്പിക്കുന്നതിന് ഈ വ്യക്തി പിഴയൊടുക്കേണ്ടതുണ്ട്". പരിസ്ഥിതികമായി ലോലമായ ഈ പ്രദേശം മോട്ടലിന് നൽകുക വഴി പൊതുജനവിശ്വാസത്തെ വഞ്ചിക്കുകയാണ് ഹിമാചൽ പ്രദേശ് ഗവൺമെന്റ് ചെയ്തതെന്നും കോടതി കണ്ടെത്തി.

അലഹാബാദ് ഹൈക്കോർട്ടും ഒരു വിധിന്യായത്തിൽ (ഓം പ്രകാശ് ഭട്ട് V/s യു.പി.സംസ്ഥാനം, AIR 1957 All. 29) ഒരു പ്രദേശത്തിന്റെ നിഗൂഢത നശിപ്പിക്കുവാൻ പാടുള്ളതല്ല എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രകൃതി ആരുടേതാണോ അവർക്കതിനെ തിരിച്ചു നൽകേണ്ടതുണ്ട്. ആടുകൾക്ക്, ആട്ടിടയർക്ക്, കാട്ടുപൂക്കൾക്ക്, സൂക്ഷ്മ ജീവനുകൾക്ക്, ചെടികൾക്ക്, പുൽച്ചെടികൾക്കു കീഴിലുള്ള പ്രാണികൾക്ക്, ആ മേട്ടിലെ കുറ്റിക്കാടുകൾക്ക്. അവയുടെ ജീവിതത്തെ തടസ്സപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസ്റ്റ് താമസസ്ഥലം സ്ഥാപിക്കുക എന്നത് തെറ്റാണ്". പ്രധാനപ്പെട്ട പാരിസ്ഥിതിക ഉത്കണ്ഠകൾക്ക് പുറമേ തദ്ദേശവാസികളുടെ സ്വാഭാവിക ജീവിതത്തിനുള്ള അവകാശങ്ങളെക്കുറിച്ചും വിധിയിൽ പ്രതിപാദനങ്ങളുണ്ട്. ആടുവളർത്തുന്നവരുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങൾ സംരക്ഷിക്കാൻ വിധിഭരണകൂടത്തോട് ആവശ്യപ്പെടുന്നു. വാഗമണ്ണിലും പാരിസ്ഥിതിക നാശം വിതക്കുന്ന വർത്തമാന പ്രവൃത്തികൾ തദ്ദേശനിവാസികളുടെ ജീവിതവൃത്തിയെ സാരമായി ബാധിച്ചിട്ടുണ്ട്.

ആർട്ടിക്കിൾ 21, 48 A യിലെ മാൻഡേറ്റുകൾ പ്രകാരം പരിസ്ഥിതി സംരക്ഷണമെന്നത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. ഇന്ത്യൻ ഭരണഘടനയും അന്താരാഷ്ട്ര ഉടമ്പടികളും പ്രദാനം ചെയ്യുന്ന ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യ അനേകം നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 1980 ലെ വനസംരക്ഷണ നിയമം, 1972 ലെ വന്യജീവിസംരക്ഷണ നിയമം, 1986 ലെ പരിസ്ഥിതി സംരക്ഷണനിയമം തുടങ്ങിയവ. നിർദ്ദേശിക്കപ്പെട്ട വാഗമൺ "പാരിസ്ഥിതിക - ടൂറിസം പദ്ധതിക്ക് അത്തരം നിയമങ്ങളുടെയും ചട്ടങ്ങളുടെയും കീഴിൽ വരുന്ന നിരവധി ഔദ്യോഗിക വകുപ്പുകളിൽ നിന്നും അനുമതി തേടേണ്ടതുണ്ട്. വനസംരക്ഷണ നിയമത്തിന്റെ ഭാഗം 2 പ്രകാരം വനഭൂമി വന്യേതര ആവശ്യത്തിങ്ങൾക്കായി വാടകയ്ക്ക് കൊടുക്കുമ്പോൾ കേന്ദ്രഗവണ്മെന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം.

1981-ലെ വനസംരക്ഷണ നിയമപ്രകാരം വാടകയ്ക്ക് കൊടുക്കുകയോ ആനുകൂല്യങ്ങൾ നല്കുകയോ ചെയ്യുന്നതിനായി നിരവധി വിവരങ്ങൾ സമർപ്പിക്കേണ്ടതും പരിശോധിക്കേണ്ടതുമാണ് (ചട്ടം 4) അതുപോലെ തന്നെ ഭരണകൂടത്തിന്റെയും അതിന്റെ പ്രതിനിധാനം ചെയ്യുന്ന ഇലക്ട്രിസിറ്റി ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ്, തുടങ്ങിയവയുടെ സുതാര്യത തെളിയിക്കപ്പെടേണ്ടതാണ്. ജനാധി

പത്യത്തിൽ നിന്നും മേൽപ്പറഞ്ഞവ വ്യതിചലിച്ചോ എന്നറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്.

ഭരണാധികാരികൾക്കുമേൽ പൊതുതാത്പര്യസംഹിത (Public Trust Doctrine) താഴെപ്പറയുന്ന നിബന്ധനകൾ വയ്ക്കുന്നുണ്ട്. ഒന്ന്. പൊതുജനതാത്പര്യത്തിന് കീഴിലുള്ള ഭൂമി പൊതു ആവശ്യത്തിനുവേണ്ടി ഉപയോഗിക്കണം. അത് പൊതുജനഉപയോഗത്തിനുവേണ്ടി ലഭ്യമാകേണ്ടതുമുണ്ട്. രണ്ടാമതായി, സമാനമായ ഒരു സാമ്പത്തിക മൂല്യം ലഭിച്ചാൽപോലും പൊതു സ്വത്ത് വില്ക്കാൻ പാടുള്ളതല്ല. മൂന്നാമതായി സവിശേഷമായ ആവശ്യങ്ങൾക്കുമാത്രമേ ആ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ (പ്രൊഫ. ജോസഫ് എൽ. സാക്സ്, നിയമകാര്യം പ്രൊഫസർ മിച്ചിഗൺ സർവ്വകലാശാല, എം. സി. മേത്ത v/s കമൽനാഥ് കേസിൽ ഉദ്ധരിക്കപ്പെട്ടത്.) നമ്മുടെ പ്രകൃതിവിഭവങ്ങൾ നിയന്ത്രിക്കുന്ന എല്ലാ പാരിസ്ഥിതികമണ്ഡലങ്ങളെയും ഉൾക്കൊള്ളുന്ന തരത്തിൽ പൊതുതാത്പര്യ സംഹിത വികസിപ്പിക്കേണ്ടതുണ്ടെന്ന് ഇതിനെത്തുടർന്ന് കോടതി അഭിപ്രായപ്പെടുന്നുണ്ട്. എല്ലാ പ്രകൃതി വിഭവങ്ങളുടേയും കാര്യസ്ഥത ഭരണകൂടത്തിനാണ്. പൊതുജനങ്ങളുടെ ഉപയോഗത്തിനും അനുഭവത്തിനും വേണ്ടിയാണവ. വിശാലാർത്ഥത്തിൽ പൊതുജനങ്ങളാണ് കടൽത്തീരങ്ങളുടേയും നീരൊഴുക്കുകളുടേയും വായുവിന്റേയും വനങ്ങളുടേയും മൃദുപാരിസ്ഥിതിക പ്രദേശങ്ങളുടെയും ഉടമസ്ഥർ. പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുക എന്ന നിയമപരമായ ഉത്തരവാദിത്വമുള്ള ഈ കാര്യസ്ഥനെന്ന നിലയ്ക്ക് ഭരണകൂടം. പൊതുജനോപയോഗത്തിന് വേണ്ടിയുള്ള വിഭവങ്ങളെ സ്വകാര്യ ഉടമസ്ഥതതയിലേക്ക് മാറ്റിക്കൂടാ.

1972 ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ ഒന്നും നാലും ഷെഡ്യൂളുകൾ, നിരവധി കാരണങ്ങളാൽ സംരക്ഷിക്കപ്പെടേണ്ട ജീവി വർഗ്ഗങ്ങളെക്കുറിച്ചാണ് പറയുന്നത്. വാഗമൺ പ്രദേശത്ത് കാണപ്പെട്ട ചില ജീവി വർഗ്ഗങ്ങളെങ്കിലും സംരക്ഷിക്കപ്പെടേണ്ടവയും ഷെഡ്യൂൾ ഒന്നിൽ ഐറ്റം നമ്പർ 16 ബിയിലും 22ലും ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. (4, 20, 28, 37, 71) അതുപോലെതന്നെ ഷെഡ്യൂൾ നാലിലെ ഐറ്റം നമ്പർ 2 ബിയിലും അവയെ ഉൾപ്പെടുത്തിയിട്ടുണ്ട്. 1986 ലെ പാരിസ്ഥിതിക സംരക്ഷണ നിയമത്തിന് റൂൾ 5 പ്രകാരമുള്ള വ്യവസായങ്ങളുടെ സ്ഥാനം സംബന്ധിച്ചുള്ള കാര്യങ്ങളിൽ മാൻഡേറ്ററി അധികാരമുണ്ട്. (കേരള സംസ്ഥാനം ടൂറിസത്തെ വ്യവസായമായാണ് പരിഗണിക്കുന്നത്). വ്യവസായം സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പ്രദേശത്തെ സംരക്ഷിക്കപ്പെടേണ്ട ജൈവവൈവിധ്യം പരിഗണിച്ച് നിയന്ത്രണങ്ങൾ ആവശ്യപ്പെടേണ്ടതാണ്. 2003 ലെ വന സംരക്ഷണ നിയമം വനം വനേതര കാര്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ ചില നടപടി ക്രമങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. റൂൾ 7 (2) (എ) പ്രകാരം, ഈ ഉദ്ദേശത്തിനു വേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു കമ്മിറ്റി വിവിധ വശങ്ങളെ പരിഗണിച്ചതിനുശേഷം മാത്രമേ, റൂൾ 6 (1) പ്രകാരമുള്ള നിർദ്ദിഷ്ട അപേക്ഷാ ഫോറം സമർപ്പിക്കാവൂ. ആ പ്രദേശം ഏതെങ്കിലും വംശനാശ ഭീഷണിയോ അപകടമോ നേരിടുന്ന സസ്യ-ജന്തുജാലങ്ങളുടെ നിവാസ സ്ഥാനമാണോ എന്ന് പരിശോധിക്കാൻ വേണ്ടിയാണത്. നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും അവയുടെ ലംഘനങ്ങൾക്ക് മറുപടി പറയേണ്ടതും സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ലംഘനങ്ങൾ ജിമ്മിന്റെ പേരിലായാലും വികസനത്തിന്റെ പേരിലായാലും, ഉത്തരവാദിത്വങ്ങളിൽ നിന്നൊഴിയുക അസാദ്ധ്യമാണ്.

## മനുഷ്യാവകാശഘടകം

ഇന്ത്യൻ ഭരണഘടനാ നിയമവും മനുഷ്യാരോഗ്യത്തിന്റെ നീതിവ്യവസ്ഥയും ഒരു സമഗ്രവീക്ഷണം പുലർത്തുകയും മനുഷ്യന് നിലനില്ക്കാനുള്ള അവകാശത്തിന്റെ ഒഴിവാക്കാനാകാത്ത ഒന്നായി പാരിസ്ഥിതിക നീതിയെയും പാരിസ്ഥിതിക സംരക്ഷണത്തെയും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഗുരുതരമായ പാരിസ്ഥിതിക ആഘാതങ്ങൾക്കെതിരായുള്ള അവകാശങ്ങൾ ഭരണഘടനാ സംരക്ഷണത്തിന്റെ വ്യാപ്തിക്കടിയിലാണ് വരുന്നത്. ആർട്ടിക്കിൾ 5 എ (ജി) ഓരോ പൗരന്റെയും സാമൂഹ്യപരമായ കടമയെക്കുറിച്ച് പറയുന്നു. കാടുകളും തടാകങ്ങളും പുഴകളും വന്യജീവിതവും പാരിസ്ഥിതികമായ പ്രതികരണക്ഷമതയും സംരക്ഷിക്കുക എന്നത് പ്രാണി വർഗ്ഗങ്ങളോടുള്ള സഹാനുഭൂതി കാണിക്കുക എന്ന കടമയ്ക്കടിയിൽ വരുന്ന വ്യവസ്ഥകളാണ്. ആർട്ടിക്കിൾ 48 (എ) അതേ ദിശയിൽ ഭരണകൂടത്തിനു നല്കുന്ന ഒരു കല്പനയാണ്.

“ടൂറിസത്തിന്റേയും ലക്കും ലഗാനുമില്ലാത്ത വ്യവസായവത്കരണത്തിന്റേയും പേരിൽ നമ്മുടെ ധാർമ്മിക ക്രമത്തിനും പാരിസ്ഥിതിക വ്യവസ്ഥയ്ക്കും കഠിനമായ ദുരന്തം സംഭവിച്ചിരിക്കുന്നു. മുറിവേറ്റ പ്രകൃതി മനുഷ്യഭാവിയോട് പ്രതികാരം ചെയ്യും. നമ്മുടെ പ്രകൃതി വിഭവങ്ങളും ജൈവവൈവിധ്യങ്ങളും കൊള്ള ചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ അരുവികൾ മലിനമാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ വായു വിഷമയമായിരിക്കുന്നു. മണ്ണ് ദുഷിച്ചിരിക്കുന്നു. വികസനം അപകടകരമായ പദമായി മാറിയിരിക്കുന്നു. കാരണം വൻകിട പദ്ധതികൾ നടത്തിപ്പുകാരുടെ അഴിമതിയും വൻജനവിഭാഗത്തിന്റെ കുടിയൊഴിപ്പിക്കലും ആയി മാറിയിരിക്കുന്നു”. ജസ്റ്റിസ് കൃഷ്ണയ്യർ പറയുന്നു.

ടാനറീസ് കേസ് എന്നറയിപ്പെടുന്ന വെല്ലോർ സിറ്റിസൺസ് വെൽഫയർ ഫോറം V/S യൂണിയൻ ഓഫ് ഇന്ത്യ (Air 1986 Sc 180) കേസിൽ സുപ്രീം കോടതി നിരീക്ഷിച്ചത്. ശുദ്ധ വായുവിനും ജലത്തിനും മലിനമുക്തമായ പരിസ്ഥിതിക്കും വേണ്ടിയുള്ള ഒരാളുടെ അവകാശം ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണങ്ങളുള്ളവയാണെന്നാണ്. ഈ അവകാശത്തിന്റെ സ്രോതസ്സ്, ശുദ്ധമായ പരിസ്ഥിതിക്കുവേണ്ടിയുള്ള അവകാശം എന്ന മാറ്റാനാകാത്ത പൊതു അവകാശമാണ്” എന്നാണ്. കോടതി വീണ്ടും നിരീക്ഷിക്കുന്നു., “നമ്മുടെ നിയമവ്യവസ്ഥ ബ്രിട്ടിഷ് പൗരനിയമത്തിനു മേലാണ് നിർമ്മിച്ചിട്ടുള്ളത്. മാലിന്യ വിമുക്ത പരിസരം എന്നത് ഭൂമിയെ സംബന്ധിച്ച അടിസ്ഥാനപരമായ നിയമവ്യവസ്ഥയുടെ ഭാഗമാണ്”.

## മനുഷ്യാവകാശ ലംഘനങ്ങൾ

*1. പാരിസ്ഥിതികമണ്ഡലത്തിനുണ്ടാകുന്ന നാശം:* വാഗമണ്ണിന്റെ പ്രാധാന്യം അതിന്റെ പാരിസ്ഥിതികമണ്ഡലവും ജൈവവൈവിധ്യവും കാലാവസ്ഥയും ദൃശ്യഭംഗിയുമാണ്. ദേശീയസ്വത്താണത്. ഏതൊരു പൗരനും ഏതു സമയത്തും അതാസ്വാദിക്കാനുള്ള അവകാശമുണ്ട്. എന്തെങ്കിലും തരത്തിലുള്ള നാശം അല്ലെങ്കിൽ കോട്ടം സംഭവിക്കുകയാണെങ്കിൽ അത് ജനതയ്ക്ക് അവരുടെ ജീവിതം ആസ്വദിക്കുന്നതിനുള്ള അവകാശത്തിന്റെ ലംഘനമായിരിക്കും.

*2. അരുവികളുടെയും പുഴകളുടേയും ഒഴുക്ക് തടയൽ:* റിസോർട്ടുകളും മറ്റ് ടൂറിസം കൊയ്ത്തുകാരും ജലസ്രോതസ്സുകൾ അനധികൃതമായി കൈയ്യേറി അരുവികളുടേയും പുഴകളുടേയും ഒഴുക്ക് തടസ്സപ്പെടുന്ന വിധത്തിൽ അവയ്ക്കു കുറുകെ ചെറിയ അണകൾ നിർമ്മിച്ച് ജലചൂഷണം നടത്തുന്നു. അടിവാരത്തിലേയും സമതലത്തിലേയും ജനതയ്ക്ക് പുഴവെള്ളത്തിന് അവകാശമുണ്ട്. ജലത്തിന്റെ സ്വതന്ത്രമായ ഒഴുക്ക് തടസ്സപ്പെടുത്താനോ തടയുവാനോ ഉള്ള ഏതു ശ്രമവും അതിനാൽ മനുഷ്യാവകാശ ലംഘനവും വനനിയമത്തിന്റെയും ഭൂനിയമങ്ങളുടെയും ലംഘനവുമാണ്.

Reg. No.3551/93/L Dis Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ.ജി. ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ സി.ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ ജോർജ്ജ് പുലികുത്തിയിൽ

*3. സുതാര്യതയില്ലായ്മയും അറിയാനുള്ള അവകാശത്തിന്റെ നിഷേധവും:* കേരളജനതയ്ക്ക് പ്രത്യേകിച്ച് വാഗമണ്ണിലെ ജനതയ്ക്ക് അവരുടെ പ്രദേശത്തിലെ പുതിയ നിക്ഷേപങ്ങളുടെയും വികസനത്തിന്റേയും സ്വഭാവവും വ്യാപ്തിയും അറിയാനുള്ള അവകാശമുണ്ട്. നിക്ഷേപകരുടെ പേരുവിവരങ്ങളെക്കുറിച്ചും മൊത്തം ചെലവഴിക്കാനുദ്ദേശിക്കുന്ന തുകയെക്കുറിച്ചും പുതിയ പദ്ധതികൾ പരിസ്ഥിതിയിന്മേലും പാരിസ്ഥിതികമണ്ഡലത്തിന്മേലും ഏല്പിക്കാൻ പോകുന്ന ആഘാതങ്ങളെക്കുറിച്ചും അറിയാനുള്ള അവകാശമുണ്ട്. അത്തരം പദ്ധതികൾക്ക് അംഗീകാരം കൊടുക്കുവാനും അവയിൽ നിക്ഷേപങ്ങളിറക്കുവാനുമുള്ള അവകാശം അവിടുത്തെ ഗ്രാമസഭകൾക്കോ തദ്ദേശീയ ഭരണകൂടങ്ങൾക്കോ ഉണ്ടാകണം. അവരുടെ അവകാശസംരക്ഷണത്തിനായി ഈ യഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അറിവ് ജനങ്ങൾക്കുണ്ടായിരിക്കണം. വാഗമണ്ണിൽ, അവിടുത്തെ ജനതയെ മുഴുവനായ അറിവില്ലായ്മയിൽ നിലനിർത്തുകയും അറിയാനുള്ള അവകാശങ്ങളെ നിഷേധിക്കുകയും ചെയ്യുന്നു.

*4. മണ്ണിന്റെ മക്കൾ നാടുകടത്തപ്പെടുന്നു* : പുതിയ, ഉയർന്നുവരുന്ന, അവസ്ഥകളിൽ പൊരുത്തക്കേട് അനുഭവപ്പെടുന്നതുകൊണ്ട് നിരവധി തദ്ദേശീയർ നാടുവിടാൻ നിർബന്ധിക്കപ്പെടുകയോ പ്രേരിപ്പിക്കപ്പെടുകയോ ചെയ്തിരിക്കുന്നു. പുതിയ നിക്ഷേപകർ ഭൂമി വാങ്ങുകയും ജീവിതനിലവാരത്തെ കുത്തനെ ഉയർത്തി, തദ്ദേശീയർക്കവിടം അപ്രാപ്യമാക്കുകയും ചെയ്യുന്നു. ടൂറിസ്റ്റുകളുടെ വർദ്ധിതമായ ഒഴുക്ക് തദ്ദേശീയരെ അമ്പരപ്പിലാഴ്ത്തുകയും ആ സാംസ്കാരികാഘാതം മൂലം അവർ തങ്ങളുടെ ജീവിതം അരക്ഷിതാവസ്ഥയിലാണെന്നു കരുതുകയും ചെയ്യുന്നു. അതിനുമുപരിയായി ലൈംഗികചൂഷണവും ലൈംഗികാതിക്രമങ്ങളും തദ്ദേശീയ യുവതികൾക്ക് മേൽ, അരങ്ങേറാനുള്ള സാധ്യതയുണ്ട്.

*5. ഇടുക്കി അണക്കെട്ടിനും മധ്യകേരളത്തിലെ ജനജീവിതത്തിനും നേരെയുള്ള ഭീഷണി:* വാഗമൺപ്രദേശത്ത്, വാഗമൺ പദ്ധതിക്ക് മുമ്പേതന്നെ, ഡിസംബർ മുതൽ ജൂൺവരെയുള്ള മാസങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്. ധാരാളം ടൂറിസ്റ്റുകളുടെയും ഡസൻകണക്കിന് റിസോർട്ടുകളുടേയും സാന്നിദ്ധ്യം തീർച്ചയായും കുഴൽക്കിണറുകളുടെ നിർമ്മിതിയിലേയ്ക്കു നയിക്കും. വാഗമൺ ഇടുക്കി ഡാമിന്റെ കാച്ച്മെന്റ് ഏരിയ ആണെന്ന യാഥാർത്ഥ്യവും 1991 ൽ ആപ്രദേശങ്ങളിലുണ്ടായ നിരവധി ഉരുൾപൊട്ടലുകൾക്കുശേഷം നടത്തിയ ശാസ്ത്രീയാന്വേഷണ നിഗമനങ്ങളും കണക്കിലെടുക്കുകയാണെങ്കിൽ, കുഴൽകിണറുകൾക്ക് അവിടെ എന്തു വിലകൊടുത്തും അനുമതി നൽകിക്കൂടാ. കാരണം കുഴൽക്കിണറുകൾ ആ പ്രദേശത്തെ ഭൂകമ്പങ്ങളിലേയ്ക്കും ഉരുൾപൊട്ടലുകളിലേയ്ക്കും വരൾച്ചയിലേയ്ക്കും നയിക്കും.

*6. വർഗ്ഗീയാശങ്കകളും സാമുദായിക ലയഭംഗവും:* സാമ്പത്തിക നേട്ടങ്ങൾക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള പ്രചാരണത്തിനുള്ള അവസരവും കണക്കിലെടുത്ത്, മത 'നിക്ഷേപകരും' ഈപ്രദേശത്ത് വളരെ സജീവതയോടെയും ഉത്സാഹിതത്തോടെയും പ്രവർത്തിക്കുന്നുണ്ട്. കുരിശുമലയെ ഒരുവലിയതീർത്ഥാടനകേന്ദ്രമാക്കി അവർ ഉയർത്തിക്കാട്ടുകയും വമ്പൻപ്രചരണം നൽകുകയും ചെയ്യുന്നുണ്ട്. ഏതാനും ചില വിശ്വാസികൾ മാത്രമേ ഓരോന്നിനു ചുറ്റും ഉള്ളുവെങ്കിൽ കൂടിയും കുറച്ചുകാലങ്ങൾക്കുള്ളിൽ നിരവധി തീർത്ഥാടന കേന്ദ്രങ്ങൾ കൂണുപോലെ മുളച്ചു പൊന്തുന്നുണ്ട്. ഇത് മറ്റുള്ള സമുദായങ്ങളെ ചൊടിപ്പിക്കുകയും ഇതിന് പകരമായി അവർ അവരുടെ തീർത്ഥാടനകേന്ദ്രങ്ങൾ പണിതുയർത്താൻ തുടങ്ങുകയും ചെയ്തിരിക്കുന്നു. വാഗമണ്ണിൽ വെറുപ്പിന്റെയും അനാരോഗ്യകരമായ മത്സരത്തിന്റെയും വിത്തുകൾ വിതയ്ക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഭാവിയിൽ കലാപത്തിനോ ദുരന്തത്തിനോ വാഗമൺ കാത്തിരിക്കുന്നു.

**7. ടൂറിസം ഭൂമിയെ, മനസ്സുകളെ, സംസ്കാരത്തെ മലിനീകരിക്കുന്നു:** വാഗമൺപ്രദേശത്തെ ടൺകണക്കിന് പ്ലാസ്റ്റിക്കിന്റെ സാന്നിദ്ധ്യം, ടൂറിസ്റ്റുകൾ ആ പ്രദേശത്തെ ഇപ്പോൾത്തന്നെ എത്രത്തോളം നശിപ്പിച്ചിരിക്കുന്നു എന്നതിന്റെ സൂചനയാണ്. കേസുകണക്കിന് മദ്യകുപ്പികളുമായി ആസ്വദിക്കാൻ വരുന്നവർ വലിച്ചെറിഞ്ഞും ഉടച്ചും കളഞ്ഞ കുപ്പികൾ എമ്പാടും ചിതറികിടപ്പുണ്ട്. വാഹനങ്ങൾ മൈതാനങ്ങളെ ഉഴുതുമറിയ്ക്കുകയും ഇളകിയ മണ്ണ് മണ്ണൊലിപ്പിന് കാരണമാവുകയും ചെയ്യുന്നു. മുകളിൽ നിന്നൂർന്നുവീഴുന്ന മണ്ണ് കുന്നുകൾക്കടിയിലെ ജലസന്ധികളെ മൂടുന്നു. ഇത് ഫലത്തിൽ മീനച്ചിലാറിനേയും മണിമലയാറിനേയും പെരിയാറിനെയും ഊട്ടുന്ന അരുവികളെ വറ്റിച്ചുകളയും. താഴ്വാരത്തിന്റെ അനേകായിരം മനുഷ്യർക്ക് കുടിവെള്ളക്ഷാമമുണ്ടാക്കും.

## ഞങ്ങൾ ശുപാർശചെയ്യുന്നു; അഭ്യർത്ഥിക്കുന്നു

1. വാഗമൺ പ്രദേശത്തെ ഒരു ദേശീയ സ്മാരകപ്രദേശമായി പ്രഖ്യാപിക്കുക. നിർമ്മാണപ്രവർത്തനങ്ങളാൽ അതിനെഹനിക്കാതിരിക്കുക.

2. പുൽമേടുകളിലെ പാരിസ്ഥിതികമണ്ഡലത്തെയും ജൈവവൈവിധ്യത്തെയും സംരക്ഷിക്കേണ്ടതുണ്ട്. അതിനായി വാഗമൺ സംരക്ഷണകൗൺസിൽ രൂപീകരിക്കേണ്ടതുണ്ട്. അതിലെ പ്രാതിനിധ്യം പകുതി തദ്ദേശവാസികൾക്കും ബാക്കി പകുതി ഗവണ്മെന്റ് നോമിനികൾക്കും മനുഷ്യാവകാശപ്രവർത്തകർക്കും സന്നദ്ധസംഘടനകൾക്കും ആയിരിക്കണം.

3. വാഗമൺ പ്രദേശത്തെ ആൾക്കൂട്ട ടൂറിസം നിരുത്സാഹപ്പെടുത്തേണ്ടതാണ്. ആൾക്കൂട്ട ടൂറിസത്തിന്റെ പേരിൽ സൃഷ്ടിക്കുന്ന ബഹളങ്ങൾ വാഗമൺ പ്രദേശത്തെ മുഴുവൻ ആവാസവ്യവസ്ഥയേയും ജൈവവൈവിധ്യത്തേയും നശിപ്പിക്കും.

4. ആ പ്രദേശത്തെ അരുവികൾ ഒരു കാരണവശാലും നശിപ്പിക്കാനോ തടയാനോ പാടുള്ളതല്ല ജലസ്രോതസ്സുകൾ കൈയ്യേറിയവരെ നാശനഷ്ടങ്ങൾ വരുത്തിയതിനും ഭൂപരമായ തെറ്റുകൾ ചെയ്യുന്നതിനും ശിക്ഷിക്കേണ്ടതാണ്.

5. ആരാധനാലയങ്ങൾ, സ്മാരകങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതില്ല. പൊതുസ്ഥലത്ത് മതകേന്ദ്രങ്ങൾ പണിതുയർത്തുന്നത് അനുവദിക്കരുത്.

6. പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിക്കണം. പൊതുസ്ഥലങ്ങളിൽ മദ്യത്തിന്റെ ഉപയോഗം അനുവദിക്കരുത്

7. ക്രമസമാധാനവും, സാമൂഹ്യശാന്തിയും പാലിക്കേണ്ടതുണ്ട്.

8. പീരുമേടിലും തേക്കടിയിലും മൂന്നാറിലും ഈരാറ്റുപേട്ടയിലും പാലായിലും വാഗമൺ സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് താമസിക്കാനാവശ്യമായ താമസസൗകര്യമൊരുക്കുക. വാഗമണ്ണിൽ നിന്ന് ഈ സ്ഥലങ്ങളിലേയ്ക്കുള്ള ദൂരം പരിമിതമാണ്. അങ്ങനെ വാഗമണ്ണിന്റെ സ്വാഭാവികത നിലനിർത്താനും നിർമ്മാണപ്രവർത്തനങ്ങൾ വഴിയുള്ള പാരിസ്ഥിതിക ലംഘനം അവസാനിപ്പിക്കാനും സാധിക്കും. ■

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709